ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18-01-2026**

## പ്രധാനവാർത്തകൾ

1) പരിസ്ഥിതിയും പുരോഗതിയും ഒരുമിച്ച് കൊണ്ട് പോകാനാകുമെന്ന് ഇന്ത്യ തെളിയിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2) പാല് ഉല്പാദന ക്ഷമതയിൽ രാജ്യത്ത് രണ്ടാം സ്ഥാനം കൈവരിക്കാൻ കേരളത്തിനായെന്ന് മന്ത്രി ജെ ചിഞ്ചുറാണി. സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' ന് കൊല്ലത്ത് തുടക്കമായി.

3) 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. സ്വർണ കിരീടത്തിനായി ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ കണ്ണൂരും തൃശൂരും.

4) ശബരിമലയിൽ മകരവിളക്ക് കാലത്തെ നെയ്യഭിഷേകം സമാപിച്ചു. തീർഥാടകർക്കുള്ള ദർശനം നാളെ അവസാനിക്കും.

5) ജെ ഇ ഇ മെയിൻ ഒന്നാം സെഷൻ പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ ദേശീയ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി.

RNU TVPM

6) ഇന്ത്യ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ഇൻഡോറിൽ.

**&&&&&&&&&&&&&&&&&&**

<u>പ്രധാനമന്ത്രി- അസം</u>

പരിസ്ഥിതി പരിപാലനവും പുരോഗതിയും ഒരുപോലെ മുന്നോട്ട്കൊണ്ട് പോകാനാകുമെന്ന് ഇന്ത്യ തെളിയിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. അസമിലെ കാലിയാബോറിൽ 6,950 കോടിയിലധികം രൂപ ചെലവിൽ നിർമിക്കുന്ന കാസിരംഗ എലവേറ്റഡ് കോറിഡോറിന് തറക്കല്ലിടൽ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി . പ്രകൃതി സംരക്ഷണം ഒട്ടേറെ അവസരങ്ങൾ സൃഷ്ടിക്കുന്നു. കാസിരംഗ വെറുമൊരു ദേശീയോദ്യാനമല്ലെന്നും അസമിൻറെ ആത്മാവാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&&&&**

<u>അമൃത് ഭാരത് എക്സ്പ്രസ്- ട്രെയിൻ</u>

അസമിൽ നിന്നുള്ള രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്തു. കാമാഖ്യ-റോഹ്തക്, ദിബ്രുഗഡ്-ലഖ്നൗ എന്നീ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് കാലിയാബോറിൽ നിന്ന് അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തത്.

**&&&&&&&&&&&&&&&&&&**

<u>ജെ ചിഞ്ചുറാണി</u>

RNUTVPM

സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' ന് കൊല്ലത്ത് തുടക്കമായി. ക്ഷീരസംഗമം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പാല് ഉല്പാദന കക്ഷമതയിൽ രാജ്യത്ത് രണ്ടാം സ്ഥാനം കൈവരിക്കാൻ സംസ്ഥാനത്തിനായെന്ന് മന്ത്രി ജെ ചിഞ്ചുറാണി. ക്ഷീര സംഗമത്തിന്റെ ഭാഗമായുള്ള ഡയറി എക്സ്പോ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

**&&&&&&&&&&&&&&&&&&**

<u>**സ്കൂൾ കലോത്സവം- ഇൻട്രോ**</u>

അഞ്ചു ദിവസമായി തൃശ്ശൂർ ജില്ലയെ കലാപൂർണമാക്കിയ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. വൈകുന്നേരം തേക്കിൻകാട് മൈതാനത് നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉത്ഘാടനം നിർവഹിക്കും. മലയാളത്തിന്റെ പ്രിയ താരം മോഹൻലാലും പരിപാടിയിൽ പങ്കെടുക്കും. പോയിൻറ് പട്ടികയിൽ കണ്ണൂർ ജില്ലാണ് മുന്നിൽ തൃശൂർ രണ്ടാം സ്ഥാനത്തും പാലക്കാട് മൂന്നാം സ്ഥാനത്തുമാണ്.

**ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ടിലേയ്ക്ക്...**

(വോയിസ്)

**&&&&&&&&&&&&&&&&&&**

<u>**എസ്.ഐ.ആർ- കേരള**</u>

കേരളത്തിൽ SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ

BNU TVPM

മാസം 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

&&&&&&&&&&&&&&&&&&

എസ്.ഐ.ആർ

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ,രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR ൻ്റെ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

പാലക്കാട്- ഇൻട്രോ

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കാനിരിക്കെ പാലക്കാട് ജില്ലയിൽ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ആരംഭിച്ച് ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം. അടുത്തമാസം 21 നാണ് നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

(വോയിസ്)

&&&&&&&&&&&&&&&&&&

നിയമസഭ

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനം ആരംഭിക്കുക. ഈ

RNU TVPM

മാസം 29-ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക.

&&&&&&&&&&&&&&&&&&

മകരവിളക്ക്- സമാപനം

ശബരിമലയിൽ മകരവിളക്ക് കാലത്തെ ശാസ്താവിനുള്ള നെയ്യഭിഷേകത്തിനു സമാപനമായി. തീർഥാടകർക്ക് നാളെ നടയടക്കും വരെ മാത്രമെ ദർശനം അനുവദിക്കുകയുള്ളു. ഇന്ന് രാജപ്രതിനിധിയുടെ സാന്നിധ്യത്തിലുള്ള കളഭാഭിഷേകം നടന്നു. മണിമണ്ഡപത്തിലെ അഞ്ചുനാൾ നീണ്ട കളമെഴുത്തിനും എഴുന്നെള്ളത്തിനും ഇന്നു സമാപനമാകും. നാളെ വൈകിട്ട് ആറുവരെ പമ്പയിൽ എത്തുന്ന തീർഥാടകരെ മാത്രമെ ദർശനത്തിനായി സന്നിധാനത്തേക്കു പോകാൻ അനുവദിക്കൂ. മറ്റന്നാൾ രാവിലെ 6.30 ന് പൂജകളും ചടങ്ങുകളും പൂർത്തിയാക്കി നട അടയ്ക്കും.

RNUTVPM

&&&&&&&&&&&&&&&&&&

വർക്ക് നിയർ ഹോം- ഇൻട്രോ

സംസ്ഥാനത്തെ ആദ്യ 'വർക്ക് നിയർ ഹോം' പൈലറ്റ് കേന്ദ്രം നാളെ കൊട്ടാരക്കരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ധനമന്ത്രി കെ. എൻ ബാലഗോപാൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ ജെ. ചിഞ്ചുറാണി, കെ. ബി. ഗണേഷ് കുമാർ എന്നിവരും പങ്കെടുക്കും.

വിശദാംശങ്ങളിലേക്ക്..

## വർക്ക് നിയർ ഹോം- വോയിസ്

ഐ.ടി മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് വീടിനടുത്ത് തൊഴിൽ ചെയ്യാൻ സൗകര്യമൊരുക്കുന്ന സംസ്ഥാന സർക്കാരിന്റെ "കമ്മ്യൂൺ" വർക്ക് നിയർ ഹോം' പദ്ധതിക്കാണ് നാളെ തുടക്കമാകുന്നത്. കെ-ഡിസ്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവർത്തിക്കുന്ന പദ്ധതിക്ക് കിഫ്ബി ആണ് പലിശരഹിത വായ്പയിലൂടെ മൂലധനം നൽകുന്നത്. പ്രാദേശിക തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുക, കഴിവുള്ള പ്രൊഫഷണലുകളെ നാട്ടിലേക്ക് തിരികെ കൊണ്ടുവരിക, സംസ്ഥാനത്തെ ആഗോള നൈപുണ്യവികസന കേന്ദ്രമാക്കി മാറ്റുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കൊട്ടാരക്കരയിൽ സജ്ജീകരിച്ചിരിക്കുന്ന വർക്ക് നിയർ ഹോം കേന്ദ്രത്തിൽ 141 പ്രൊഫഷണൽ വർക്ക് സ്പേസുകളാണുള്ളത്. 4.87 കോടി രൂപയാണ് പദ്ധതിക്കായി ചെലവാക്കിയിരിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി

RNU TVPM

&&&&&&&&&&&&&&&&&&

## ജെ ഇ ഇ മെയിൻ

ജെ ഇ ഇ മെയിൻ ഒന്നാം സെഷൻ പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ ദേശീയ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ഈ മാസം 21 നും 24 നും ഇടയിൽ ബി.ഇ., ബി.ടെക് പേപ്പർ 1 എഴുതുന്നവരുടെ അഡ്മിറ്റ് കാർഡാണ് പുറത്തിറക്കിയത്. jeemain.nta.nic.in എന്ന വെബ്സൈറ്റിൽ നിന്ന് ഇവ ഡൗൺലോഡ് ചെയ്യാം.

&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരത്ത് നിന്നും ചെന്നൈ താമ്പ്രത്തേയ്ക്കും, ഹൈദരാബാദിലേയ്ക്കും അമൃത് ഭാരത് ട്രെയിനുകൾ അനുവദിച്ചെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചതായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കൂടാതെ ഗുരുവായൂരിനും തൃശ്ശൂരിനും ഇടയിൽ പുതിയ ട്രെയിനിനും അനുമതിയായിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രമന്ത്രിയുമായി നേരത്തെ ചർച്ച നടത്തിയിരുന്നെന്ന് രാജീവ് ചന്ദ്രശേഖർ പ്രസ്താവനയിൽ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

<u>കുണ്ടറ ആശുപത്രി- ഇൻട്രോ</u>

കുണ്ടറ താലൂക്ക് ആശുപത്രിയിൽ 76.13 കോടിയുടെ ബഹുനില മന്ദിരം നാളെ മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ..

(വോയിസ്)

RNU TVPM

**&&&&&&&&&&&&&&&&&&**

<u>ക്രിക്കറ്റ്</u>

ഇന്ത്യ - ന്യൂസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക്1:30 ന് മത്സരം ആരംഭിക്കും. ഇരുവരും ഓരോ കളികൾ ജയിച്ച് പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

**&&&&&&&&&&&&&&&&&&**

<u>ശബരിമല തന്ത്രി</u>

ശബരിമല ക്ഷേത്രത്തിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണം അപഹരിച്ച കേസിൽ, തന്ത്രി കണ്ഠര് രാജീവരെ കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. വീഡിയോ കോൺഫറൻസിങ്ങിലൂടെ കോടതിയിൽ ഹാജരാക്കിയാണ് തന്ത്രിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്. കേസുകളിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻപോറ്റിയുടെ ജാമ്യ ഹർജികൾ നാളെ കൊല്ലം വിജിലൻസ് കോടതി പരിഗണിക്കും.

&&&&&&&&&&&&&&&&&&

**<u>പക്ഷിപ്പനി</u>**

കണ്ണൂർ ഇരിട്ടി എടക്കാനത്ത് പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ വിദഗ്ധസംഘം പരിശോധന നടത്തും. കാക്കയിലാണ് നിലവിൽ രോഗം സ്ഥിരീകരിച്ചത്. വളർത്തുപക്ഷികളിൽ രോഗം സ്ഥിരീകരിച്ചിട്ടില്ലെന്നും പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്നും ജില്ലാകലക്ടർ അരുൺ കെ.വിജയൻ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**<u>കൈറ്റ്- ദേശീയ അംഗീകാരം</u>**

കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കൈറ്റിന് വീണ്ടും ദേശീയ അംഗീകാരം. ഡൽഹിയിൽ നടന്ന 'ഗവേണൻസ് നൗ' ആറാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സമ്മിറ്റിൽ കൈറ്റിന്റെ 'സമഗ്ര പ്ലസ്' എ.ഐ പ്ലാറ്റ്ഫോമിന് പുരസ്കാരം ലഭിച്ചു. കുട്ടികൾക്ക് ഓരോരുത്തർക്കും അവരുടെ പഠനനിലവാരത്തിനനുസരിച്ച് പഠനം ക്രമീകരിക്കുന്നതിന് സഹായിക്കുന്ന നൂതന എ.ഐ. പ്ലാറ്റ്ഫോമാണ് 'സമഗ്ര പ്ലസ് 'എ.ഐ.

&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. പരിപാടിയുടെ 130 -ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM